*സെന്റ് ജോസഫ്സ് മെട്രോപ്പോളിറ്റൻ കത്തീഡ്രൽ,*
*പാളയം*
*21.06.2009*

# തിരുഹൃദയത്തിരുനാൾ

*ഈശോയുടെ മധുരമുള്ള തിരുഹൃദയമേ*
*അങ്ങ് എന്റെ സ്നേഹമായിരിക്കേണമേ.*

*ശാന്തശീലനും വിനീതഹൃദയനുമായ ഈശോയേ*
*എന്റെ ഹൃദയം അങ്ങയുടെ ഹൃദയത്തിന്*
*ഒത്തതാക്കിയരുളേണമേ.*

നമുക്കെല്ലാം സുപരിചിതമായ ഒരു പ്രാർത്ഥനയാണിത്. തിരുഹൃദയക്കൊന്ത ചൊല്ലുമ്പോഴൊക്കെ യേശുവിന്റെ മധുരമുള്ള ഹൃദയത്തെക്കുറിച്ച് നാം ധ്യാനിക്കുകയും ഈ സ്നേഹമനുഭവിക്കുന്ന നമ്മുടെ ഹൃദയത്തെ അവിടുത്തെ ഹൃദയത്തിനൊത്തതാക്കി തീർക്കണമേയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. തിരുഹൃദയത്തിരുനാൾ ആഘോഷിക്കുന്ന ഇന്നേ ദിവസം പ്രധാനമായും ഈ രണ്ടു കാര്യങ്ങളെക്കുറിച്ചുതന്നെ നമുക്കു ചിന്തിക്കാം. ഒന്നാമതായി യേശുവിന്റെ തിരുഹൃദയം എത്രയേറെ മാധുര്യമുള്ളതാണെന്നും, രണ്ടാമതായി എങ്ങനെ നമ്മുടെ ഹൃദയത്തെ അവിടുത്തെ ഹൃദയത്തിന് ഒത്തതാക്കി തീർക്കാമെന്നും നമുക്ക് അല്പനേരം ഒരുമിച്ചു ധ്യാനിക്കാം.

## I. യേശുവിന്റെ മധുരമുള്ള തിരുഹൃദയം

### 1. ഹൃദയം - മനുഷ്യനും ദൈവവുമായ യേശുവിന്റെ പ്രതീകം

തിരുഹൃദയത്തിരുന്നാളിന്റെ ആവശ്യകതയെയും ശക്തിയെയും കുറിച്ച് സംശയം പ്രകടിപ്പിക്കുന്നവർ പണ്ട് ധാരാളമുണ്ടായിരുന്നു; ഇന്നുമുണ്ട്. ദൈവവും മനുഷ്യനുമായ യേശുവിനെ ആരാധിക്കുന്നതിനു പകരം യേശുവിന്റെ മനുഷ്യ ശരീരത്തിലെ ഒരു അവയവത്തെ മാത്രം ആരാധിക്കുന്നത് ശരിയാണോ എന്നാണ് ചിലരൊക്കെ ചോദിക്കുന്നത്. യഥാർത്ഥത്തിൽ തിരുഹൃദയത്തിരുനാൾ സ്നേഹത്തിന്റെ ഒരു മഹോത്സവമാണ്. തിരുഹൃദയ ഭക്തി വേദപുസ്തകത്തിലധിഷ്ഠിതമാണെന്നു മാത്രമല്ല അത് സുവിശേഷങ്ങളുടെ തന്നെ അന്തഃസത്തയാണ്. പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായ യേശുവിനെ അവതരിപ്പിക്കുവാൻ ഹൃദയത്തെക്കാൾ മെച്ചമായ ഒരു പ്രതീകം കണ്ടെത്താനാവില്ല.

ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവമാണ് ഹൃദയം. മറ്റെല്ലാ അവയവങ്ങളുടെയും പ്രവർത്തനം നിലച്ചുപോയാലും ജീവൻ അവശേഷിക്കും. എന്നാൽ ഹൃദയത്തിന്റെ പ്രവർത്തനം നിലയ്ക്കുമ്പോഴാണ് ഒരാൾ മരണമടയുന്നത്. വേദപുസ്തകത്തിൽ തലച്ചോറിന്റെ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം കൊടുക്കുന്നതായി കാണുന്നില്ല. മനുഷ്യന്റെ എല്ലാ ആന്തരിക പ്രവർത്തനങ്ങളുടെയും, ചിന്തകളുടെയും, ബുദ്ധിയുടെയും, ഓർമ്മ ശക്തിയുടെയും, വിവിധ വികാരങ്ങളുടെയും ഇരിപ്പിടമായി യഹൂദന്മാർ സങ്കല്പിച്ചിരുന്നത് ഹൃദയത്തെയാണ്. ഇങ്ങനെ മനുഷ്യന്റെ ബാഹ്യവും ആന്തരികവുമായ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന ഹൃദയത്തെ മനുഷ്യന്റെ മുഴുവൻ വ്യക്തിത്വത്തിന്റെ പ്രതീകമായിട്ടാണ് വേദപുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

യേശുവിന്റെ ദൈവത്വത്തെ സംബന്ധിച്ചിടത്തോളവും ഹൃദയം തന്നെയാണ് ഏറ്റവും നല്ല പ്രതീകം. ഹൃദയമുള്ളവനെന്ന് അരെയെങ്കിലും കുറിച്ച് നാം പറയുന്നതു കേൾക്കുമ്പോൾ സ്നേഹമുള്ളവൻ എന്നാണ് നാം മനസ്സിലാക്കുന്നത്. ഇങ്ങനെ സ്നേഹത്തിനു പകരമായി ഉപയോഗിക്കാവുന്ന ഒരു വാക്കാണ് ഹൃദയം. സ്നേഹം അതിന്റെ പാരമ്യത്തിലെത്തുന്നത്, സ്നേഹം അതിന്റെ പൂർണ്ണതയിലുള്ളത് ദൈവത്തിലാണ്. അതുകൊണ്ടാണ് ദൈവത്തെ സ്നേഹമെന്ന ഒറ്റവാക്കിൽ വിശുദ്ധ യോഹന്നാൻ നിർവ്വചിച്ചിരിക്കുന്നത്: ''ദൈവം സ്നേഹമാണ്'' (1 യോഹ. 4,8). ദൈവം സ്നേഹമാണെങ്കിൽ സ്നേഹം ദൈവമാണെന്നും പറയാം. സ്നേഹത്തിനുപകരമുപയോഗിക്കുന്ന ഒരു പദമാണല്ലോ ഹൃദയം. അതുകൊണ്ടാണ് സ്നേഹം ദൈവമാണെന്നു പറയുന്നതിനു പകരം പല സഭാപണ്ഡിതന്മാരും ഹൃദയം ദൈവമാണെന്നു പറയുന്നത്. സ്നേഹത്തിന്റെ നിറകുടമായ യേശുവിന്റെ തിരുഹൃദയം ഇങ്ങനെ യേശുവിന്റെ ദൈവത്വത്തെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കാൻ പോരുന്ന ശക്തമായ ഒരു പ്രതീകമാണ്.

## 2. ഹൃദയം - സ്നേഹം ധൂർത്തടിക്കുന്ന ദൈവത്തിന്റെ പ്രതീകം

a) **സ്നേഹധൂർത്ത്.** സ്നേഹത്തിന്റെ ഒരു പ്രത്യേകതയിതാണ്: യഥാർത്ഥ സ്നേഹം ഉള്ളിലൊതുക്കി വയ്ക്കാനുള്ളതല്ല, പ്രകടിപ്പിക്കുവാനുള്ളതാണ്, മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ളതാണ്. ഉള്ളിലൊതുക്കി വയ്ക്കുന്നതൊക്കെ യഥാർത്ഥത്തിൽ സ്നേഹമല്ല, പിന്നെയോ സ്വാർത്ഥതയാണ്. ദൈവം സ്നേഹം പങ്കുവയ്ക്കുന്നവൻ മാത്രമല്ല, നല്ല അർത്ഥത്തിൽ, സ്നേഹം ധൂർത്തടിക്കുന്നവനാണ്. ''അതിരുകളില്ലാത്ത സ്നേഹം, അളവുകളില്ലാത്ത സ്നേഹം, ദൈവസ്നേഹം, നിത്യസ്നേഹം'' എന്നു നാം പാടാറുണ്ട്. അതിരുകളില്ലാത്ത, അളവുകളില്ലാത്ത, വ്യവസ്ഥകളില്ലാത്ത എപ്പോഴും എവിടെയും നിറഞ്ഞു നില്ക്കുന്ന, കവിഞ്ഞൊഴുകുന്ന ഈ ദൈവസ്നേഹത്തെക്കുറിച്ച് ധ്യാനിക്കുന്ന സങ്കീർത്തകൻ 136-ാമത്തെ സങ്കീർത്തനം മുഴുവനും അവിടുത്തെ ഈ സ്നേഹത്തെ ആവർത്തിച്ചാവർത്തിച്ച് വിശേഷിപ്പിക്കുന്നതിപ്രകാരമാണ്; ''അവിടുത്തെ കാരുണ്യം അനന്തമാണ്''. ആകാശം ഭൂമിയിൽ നിന്ന് എത്രയേറെ ഉയർന്നു നിൽക്കുന്നുവോ അത്രയേറെ ഉന്നതമാണ് ദൈവത്തിന്റെ ഈ അനന്തസ്നേഹം; കിഴക്ക് പടിഞ്ഞാറിൽ നിന്നും എത്രയേറെ അകന്നു നില്ക്കുന്നുവോ അത്രയേറെ വിശാലമാണ് ദൈവത്തിന്റെ അനന്തമായ ഈ സ്നേഹം. അതുകൊണ്ടാണ് എഫേസോസുകാർക്കുള്ള ലേഖനത്തിൽ പൗലോസ് അപ്പോസ്തലൻ ഇപ്രകാരം ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത്: ''എല്ലാ വിശുദ്ധരോടുമൊപ്പം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ നിങ്ങൾക്കു ശക്തി ലഭിക്കട്ടെ. അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം നിങ്ങൾ ഗ്രഹിക്കാനും അതുവഴി ദൈവത്തിന്റെ സംപൂർണ്ണതയിൽ നിങ്ങൾ പൂരിതരാകാനും ഇടയാകട്ടെ'' (എഫേ. 3, 18-19).

ഉള്ളതെല്ലാം ഒരു നിയന്ത്രണവുമില്ലാതെ വാരിക്കോരി ചിലവാക്കുന്നതിനെയാണല്ലോ ധൂർത്ത് എന്ന് നാം വിശേഷിപ്പിക്കുന്നത്. സൗദി അറേബ്യയിലെ ഒരു ഷേയ്ക്കിനെക്കുറിച്ച് കുറെ വർഷങ്ങൾക്കുമുമ്പ് പത്രങ്ങളിൽ വായിച്ചത് ഓർമ്മിക്കുന്നു. അയാൾക്ക് ധാരാളം പണമുണ്ട്. എന്തു ചെയ്യണമെന്നറിയില്ല. ഭാര്യയ്ക്ക് സമ്മാനമായി നല്കാൻ അയാൾ ഒരു വിമാനമുണ്ടാക്കി. അതിന്റെ ഉൾഭാഗം മുഴുവനും സ്വർണ്ണം കൊണ്ടു പൊതിഞ്ഞു. അതിനുള്ളിലെ എല്ലാ സാമഗ്രികളും, മേശയും കസേരയും കട്ടിലും കുളിമുറിയിലെ പൈപ്പുകൾ പോലും സ്വർണ്ണമയമായിരുന്നു. ഇങ്ങനെ ഭൗതീക സമ്പത്ത് ഒരു നിയന്ത്രണവുമില്ലാതെ ദുരുപയോഗിക്കുന്നതിനെയാണ് ധൂർത്ത് എന്ന് നാം പറയുന്നത്.

ഭൗതീക സമ്പത്ത് ധൂർത്തടിക്കുന്നവരെ സഹതാപപൂർവ്വം വീക്ഷിക്കുന്ന യേശു സ്നേഹം ധൂർത്തടിക്കുന്നവരെ പ്രശംസിക്കുന്നതായിട്ടാണ് സുവിശേഷങ്ങളിൽ നാം കാണുന്നത്. മറ്റാരെയുംകാൾ

സ്നേഹം തന്നെയായ ദൈവം തന്നെയാണ് ഈ സ്നേഹം ഏറ്റവുമധികം ധൂർത്തയിക്കുന്നതും. ധൂർത്ത പുത്രന്റെ പിതാവിനെ നല്ല അർത്ഥത്തിൽ ധൂർത്ത പിതാവായിട്ടാണ് പല വേദ പുസ്തക പണ്ഡിതന്മാരും കാണുന്നത്. സ്നേഹം ധൂർത്തടിക്കുന്ന ഈ പിതാവിനെ ദൈവപിതാവിന്റെ തന്നെ ഒരു പ്രതീകമായിട്ടാണ് യേശു അവതരിപ്പുക്കുന്നത്. ആവശ്യപ്പെട്ടപ്പോൾത്തന്നെ സ്വത്തു ഭാഗിച്ചു കൊടുക്കുന്ന ഒരു പിതാവ്; മകന്റെ തിരിച്ചുവരവും പ്രതീക്ഷിച്ച് ദീർഘനാൾ ക്ഷമയോടെ കാത്തിരിക്കുന്ന ഒരു പിതാവ്; തിരിച്ചു വരുന്ന മകനെ ദൂരെവച്ചു കണ്ടപ്പോൾത്തന്നെ ഓടിവന്ന് അവനെ കെട്ടിപ്പിടിച്ച് ചുംബിക്കുന്ന ഒരു പിതാവ്! സകലതും കളഞ്ഞുകുളിച്ച് കുടുംബത്തിന് ദുഷ്പേരുമുണ്ടാക്കിയ മകനെക്കണ്ടപ്പോൾ സന്തോഷാധിക്യത്താൽ മതിമറന്ന ഈ പിതാവ് തന്റെ ദാസന്മാരെ വിളിച്ചു പറഞ്ഞു; ''ഉടനെ മേൽത്തരം വസ്ത്രങ്ങൾ കൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുവിൻ. ഇവന്റെ കൈയിൽ മോതിരവും കാലിൽ ചെരിപ്പും അണിയിക്കുവിൻ. കൊഴുത്ത കാളക്കുട്ടിയെ കൊണ്ടുവന്ന് കൊല്ലുവിൻ. നമുക്ക് ഭക്ഷിച്ച് ആഹ്ലാദിക്കാം. എന്റെ മകൻ മൃതനായിരുന്നു, അവൻ ഇതാ, വീണ്ടും ജീവിക്കുന്നു. അവൻ നഷ്ടപ്പെട്ടിരുന്നു ഇപ്പോൾ വീണ്ടുകിട്ടിയിരിക്കുന്നു'' (ലൂക്കാ. 15, 22- 24). സ്നേഹത്തിന്റെ ധൂർത്താണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. ഈ ധൂർത്തിന്റെ പ്രതീകമാണ് യേശുവിന്റെ തിരുഹൃദയം.

പ്രപഞ്ചത്തിന്റെ പ്രതിഭാസങ്ങളിൽ പ്രതിഫലിക്കുന്ന സ്നേഹത്തിന്റെ ഈ ധൂർത്തു കാണുവാനും, സങ്കീർത്തകനെപ്പോലെ ''അങ്ങയുടെ സ്നേഹം അനന്തമാണെ''ന്നു പാടിപ്പുകഴ്ത്തുവാനും നമുക്കു കഴിയണം. ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കുക അവയുടെ എണ്ണം തിട്ടപ്പെടുത്തുവാൻ ഇന്നിതുവരെ ആർക്കെങ്കിലും സാധിച്ചിട്ടുണ്ടോ? ഓരോ ദിവസവും കോടിക്കണക്കിനു പറവകളാണ് കൂടുവിട്ടു പറന്നു പോകുന്നത്. ഇവയിൽ ഒരെണ്ണം പോലും എവിടെയെങ്കിലും എന്തെങ്കിലും ആഹാരം കിട്ടാതെ മടങ്ങി വരുന്നില്ല. വയലിലെ ലില്ലികളെ മാത്രമല്ല, കോടിക്കണക്കിനു പുഷ്പങ്ങളെയാണ് ദൈവം ഓരോ നിമിഷവും മനുഷ്യരെ സന്തോഷിപ്പിക്കുവാനായി വിരിയിക്കുന്നത്. ഓരോ വ്യക്തിയ്ക്കും ഓരോ വസ്തുവിനും അതതിന്റേയതായ തനിമയുണ്ട്. ലോകാരംഭം മുതൽ ഇന്നിതുവരെ ജനിച്ച മനുഷ്യരെ പരിശോധിച്ചു നോക്കുകയാണെങ്കിൽ, ഇരട്ടകളായിരുന്നാൽപ്പോലും നൂറു ശതമാനം ഒരേ രൂപത്തിലുള്ള രണ്ടു വ്യക്തികളെ ചൂണ്ടിക്കാണിക്കാനാവില്ല. എത്രയോകോടി ഇലകളാണ് മരങ്ങളിലുള്ളത്. നൂറു ശതമാനം ഒരേ പോലുള്ള രണ്ട് ഇലകളെ എടുത്തു കാണിക്കുവാൻ ആർക്കും കഴിയുകയില്ല. ഇവിടെയെല്ലാം നാം കാണുന്നത് മനുഷ്യ ബുദ്ധിക്കതീതമായ ദൈവസ്നേഹത്തിന്റെ ധൂർത്താണ്.

## b) <u>സ്നേഹം ധൂർത്തടിക്കാൻ പൊന്നും പണവുമല്ല, നല്ല മനസ്സാണ് വേണ്ടത്</u>

സ്നേഹം പിടിച്ചു വയ്ക്കാനുള്ളതല്ല; നല്ല അർത്ഥത്തിൽ ധൂർത്തടിക്കാനുള്ളതു തന്നെയാണ്. സ്നേഹിക്കുന്ന വ്യക്തി സ്നേഹത്തെ പ്രതി അനുഭവിക്കുന്ന ത്യാഗങ്ങളിലാണ് ഈ ധൂർത്ത് പ്രകടമായി കാണുന്നത്. സ്നേഹത്തിന്റെ ഈ ധൂർത്ത് അതിന്റെ പാരമ്യത്തിലെത്തുന്നത് സ്നേഹിക്കുന്നവർക്കുവേണ്ടി ജീവൻപോലും സമർപ്പിക്കാൻ തയ്യാറാകുമ്പോഴാണ് (യോഹ. 15, 13). അതുകൊണ്ട് സ്നേഹം ധൂർത്തടിക്കാൻ പൊന്നും പണവുമൊക്കെ വേണമെന്നില്ല; നല്ല മനസ്സു മാത്രം മതി.

കുറെ ആണ്ടുകൾക്കു മുൻപ് റീഡേഴ്സ് ഡൈജസ്റ്റിൽ വന്ന ഒരു സംഭവ കഥയാണിത്. തിരക്കൊഴിഞ്ഞ ഒരു ഉച്ചനേരം ന്യൂയോർക്കിലെ പീറ്റർ എന്നു പേരുള്ള ഒരു സ്വർണ്ണ വ്യാപാരിയുടെ കടയിൽ നാലു വയസ്സുമാത്രം പ്രായമുള്ള പാവപ്പെട്ട ഒരു കൊച്ചു ബാലിക കയറി വന്നു. അല്പം ഗമയോടുകൂടി അവിടെ പ്രദർശിപ്പിച്ചിരുന്ന സ്വർണ്ണാഭരണങ്ങളെല്ലാം ഒരു നോക്കു ചുറ്റിക്കണ്ടു. എന്നിട്ട് ഒരു മാലയെടുത്തു പരിശോധിച്ചശേഷം കടയുടമയോടു പറഞ്ഞു: ''ഇതു കൊള്ളാം നന്നായിരിക്കുന്നു. എനിക്ക് അതൊന്നു പൊതിഞ്ഞു തരാമോ?'' മാല ആർക്കു വേണ്ടിയാണെന്നു ചോദിച്ചപ്പോൾ ആ

കുഞ്ഞു നല്കിയ ഉത്തരമിതായിരുന്നു; ''എന്റെ ചേച്ചിക്കുവേണ്ടി. എനിക്കു മമ്മിയും ഡാഡിയുമില്ല ചേച്ചിമാത്രമേയുള്ളൂ. എന്നെ പൊന്നുപോലെ നോക്കുന്ന എന്റെ ചേച്ചി''; മാല മേടിക്കാനുള്ള കാശുണ്ടോ എന്നു ചോദിച്ചപ്പോൾ ഒരു തൂവാലയിൽ പൊതിഞ്ഞ ഏതാനും നാണയത്തുട്ടുകൾ മേശപ്പുറത്തു വച്ചിട്ട് ആ കുഞ്ഞു പറഞ്ഞു ; ''കുറെയധികം നാളുകളായി എന്റെ ചേച്ചിക്ക് ഒരു മാല മേടിക്കാൻ ഞാൻ കാശു കൂട്ടിവയ്ക്കാൻ തുടങ്ങിയിട്ട്. ഇതാ ഈ കാശെല്ലാം എടുത്തു കൊള്ളുക''. കടയുടമ ആ നാണയത്തുട്ടുകൾ എണ്ണി നോക്കി. ഒരു ഡോളർപോലും തികച്ചില്ല; വെറും പതിനൊന്നു സെന്റു മാത്രം. എങ്കിലും തുച്ഛമായ ആ തുക മേടിച്ചിട്ട് പീറ്റർ മാല പൊതിഞ്ഞ് ആ ബാലികയ്ക്കു നല്കി. തുള്ളിച്ചാടിക്കൊണ്ട് അവൾ വീട്ടിലേക്കു പാഞ്ഞു പോയി. വളരെ താമസിയാതെ തന്നെ കുഞ്ഞിന് എന്തെങ്കിലും അബദ്ധം പറ്റിയെന്നു കരുതി ചേച്ചി ബാലികയുമായി ആ കടയിലെത്തി, ക്ഷമാപണത്തോടെ മാല തിരിച്ചേല്പ്പിക്കാൻ ശ്രമിച്ചു. മാല മോഷ്ടിച്ചതല്ല വിറ്റതാണെന്നു കടയുടമയായ പീറ്റർ വിശദീകരിച്ചു. ''ഈ മാലയുടെ വിലമുഴുവൻ എന്റെ അനുജത്തി തന്നുവെന്നാണോ നിങ്ങൾ പറയുന്നത്''? ചേച്ചി വീണ്ടും ചോദിച്ചു. അതിനു കടയുടമ നല്കിയ മറുപടി ഇതാണ്: ''മാലയുടെ വില മാത്രമല്ല, നിങ്ങളുടെ അനുജത്തി അവളുടെ സമ്പാദ്യം മുഴുവനും തന്നിട്ടാണ് ആ മാല മേടിച്ചത്. ആ കൊച്ചു കുഞ്ഞിന്റെ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മുന്നിൽ ഈ സ്വർണ്ണ മാല ഒന്നുമല്ല''. സ്നേഹം എത്രമാത്രം ധൂർത്തടിക്കാം എന്നതിന് നല്ല ഒരു ഉദാഹരണമാണിത്.

സുവിശേഷത്തിലുമുണ്ട് ഇതുപോലൊരു സംഭവം. ദേവാലയത്തിന്റെ അങ്കണത്തിലിരുന്ന് യേശു പഠിപ്പിക്കുകയായിരുന്നു. വലിയ വലിയ ധനവാന്മാർ വന്ന് വൻ തുകകൾ നേർച്ചപ്പെട്ടിയിൽ നിക്ഷേപിച്ചുകൊണ്ടിരുന്നു. യേശു അതൊന്നും കാര്യമായിട്ടെടുത്തില്ല. സാധുവായ ഒരു വിധവ വന്ന് രണ്ടു ചെമ്പു തുട്ടുകൾ ആ നേർച്ചപ്പെട്ടിയിലിടുന്നതു കണ്ടപ്പോൾ യേശു പ്രസംഗം നിർത്തി. എന്നിട്ട് എല്ലാവരോടുമായി ഇപ്രകാരം പറഞ്ഞു: ''ഈ ദരിദ്ര വിധവ മറ്റാരെയും കാൾ കൂടുതൽ ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരിക്കുന്നു. എന്തെന്നാൽ അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നും സംഭാവന ചെയ്തു. ഇവളാകട്ടെ തന്റെ ദാരിദ്ര്യത്തിൽ നിന്ന് തനിക്കുണ്ടായിരുന്നതെല്ലാം, തന്റെ ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു'' (മാർക്ക്. 12, 43-44). ഈ സാധു വിധവയ്ക്ക് ധൂർത്തടിക്കാൻ പൊന്നും പണവുമൊന്നുമില്ലായിരുന്നു. എന്നാൽ ഹൃദയം നിറയെ സ്നേഹമുണ്ടായിരുന്നു. സ്നേഹം ധൂർത്തടിക്കുന്ന അവളെ യേശു പ്രശംസിക്കുന്നു. സ്നേഹം ധൂർത്തടിക്കുന്ന യേശുവിന്റെ തിരുഹൃദയത്തിന്റെ ഒരു പ്രതീകം തന്നെയാണ് ഈ വിധവയിലും കാണാൻ നമുക്കു കഴിയുന്നത്.

C) <u>സ്നേഹ ധൂർത്ത് - യേശു രക്ഷകനാണെന്നതിന്റെ അടയാളം</u>

യേശു രക്ഷകനാണ് എന്നതിന്റെ ഏറ്റവും വലിയ അടയാളവും സ്നേഹത്തിന്റെ ഈ ധൂർത്ത് തന്നെയാണ്. ഒരു ചോദ്യവുമായി സ്നാപകയോഹന്നാൻ തന്റെ ഏതാനും ശിഷ്യന്മാരെ യേശുവിന്റെ പക്കലേക്കയച്ചു: ''വരാനിരിക്കുന്നവൻ നീ തന്നെയോ, അതോ ഞങ്ങൾ വേറൊരുവനെ കാത്തിരിക്കണമോ''? ഉത്തരമായി അവിടെ അപ്പോൾ അവരെല്ലാം അനുഭവിച്ചുകൊണ്ടിരുന്ന സ്നേഹത്തിന്റെ ധൂർത്തിനെക്കുറിച്ചുള്ള വിവരങ്ങൾ മടങ്ങിച്ചെന്ന് യോഹന്നാനെ ധരിപ്പിക്കുവാനാണ് യേശു ആവശ്യപ്പെട്ടത്: ''നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതെല്ലാം ചെന്ന് യോഹന്നാനെ അറിയിക്കുക. കുരുടന്മാർ കാണുന്നു; മുടന്തന്മാർ നടക്കുന്നു; മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു; ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു'' (cf. ലൂക്കാ 7, 18-23)

## d) അന്തസ്സിനെപ്പോലും അവഗണിക്കുന്ന സ്നേഹ ധൂർത്ത്

സ്നേഹം എപ്പോഴും ഒരു സ്റ്റാറ്റസ് ഉള്ളതായിരിക്കണമെന്ന് പൊതുവെ മനുഷ്യർക്കെല്ലാം നിർബന്ധമുള്ളതായി തോന്നുന്നു. സ്നേഹിക്കാൻ കൊള്ളാവുന്നവരെ സ്നേഹിക്കാൻ കൊള്ളാത്തവരിൽ നിന്നും സമൂഹം വേർതിരിച്ചു കാണിക്കുന്നു. ഈ സ്റ്റാറ്റസ് മറികടക്കുന്നവരെ സമൂഹം കുറ്റപ്പെടുത്തുന്നു. ഒരു സ്റ്റാറ്റസ് ഇല്ലാതെ സ്നേഹിക്കുന്ന, അങ്ങനെ സ്നേഹം ധൂർത്തടിക്കുന്ന യേശുവിനെ കുറ്റപ്പെടുത്തിക്കൊണ്ട് ഫരിസേയർ അവിടുത്തെ ശിഷ്യന്മാരോടു ചോദിച്ചു: "നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷിക്കുന്നത് എന്തുകൊണ്ട്"? (മത്താ. 9, 11). പാപിനിയായ സ്ത്രീ യേശുവിന്റെ പാദങ്ങളെ കണ്ണീരുകൊണ്ട് കഴുകുകയും തലമുടികൊണ്ട് തുടയ്ക്കുകയും ചെയ്തപ്പോൾ ആതിഥേയനായ ശിമയോനും ഇപ്രകാരം ഹൃദയത്തിൽ പിറുപിറുത്തു: "ഇവൻ പ്രവാചകൻ ആണെങ്കിൽ തന്നെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഏതു തരക്കാരിയെന്നും അറിയുമായിരുന്നു" (ലൂക്കാ 7, 39). ഇങ്ങനെ എല്ലാ സ്റ്റാറ്റസും മറികടന്നുകൊണ്ട് പാപികളോടും ചുങ്കക്കാരോടും സഹവസിക്കുകയും ശിഷ്യന്മാരുടെ പാദങ്ങൾപോലും കഴുകുകയും ചെയ്തുകൊണ്ട് സ്നേഹം ധൂർത്തടിക്കുന്ന ഒരു തിരുഹൃദയത്തിന്റെ ഉടമയായിരുന്നു യേശു.

## 3. പിളർക്കപ്പെട്ട യേശുവിന്റെ ഹൃദയം

ദൈവത്തിന്റെ ഒരൊറ്റ വാക്കു മതിയായിരുന്നു മനുഷ്യകുലത്തെയാകമാനം പാപത്തിൽ നിന്നും രക്ഷിക്കുവാൻ. എന്നാൽ സ്നേഹം വാരിക്കോരിക്കൊടുക്കുന്ന ദൈവത്തെയാണ് രക്ഷാകര ചരിത്രത്തിലുടനീളം നാം കാണുന്നത്. യുഗയുഗങ്ങളായി പൂർവ്വപിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും സംസാരിക്കുക മാത്രമല്ല, അവസാനം തന്റെ പ്രിയ പുത്രനെപ്പോലും നല്കിക്കൊണ്ട് സ്നേഹം ധൂർത്തടിക്കുന്ന ഒരു ദൈവത്തെയാണ് വേദപുസ്തകം നമുക്കു കാണിച്ചു തരുന്നത് (ഹെബ്രാ. 1, 1-2). ഈ സ്നേഹത്തിന്റെ മുമ്പിൽ അത്ഭുതസ്തബ്ദനായി നിന്നുകൊണ്ട പൗലോസ് അപ്പോസ്തലൻ ചോദിക്കുന്നു: "സ്വപുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കെല്ലാവർക്കും വേണ്ടി അവനെ ഏല്പിച്ചു തന്നവൻ അവനോടുകൂടി സമസ്തവും നമുക്കു ദാനമായി നല്കാതിരിക്കുമോ"? (റോമ. 8, 32).

വീണ്ടും യേശുവിന്റെ ഒരൊറ്റത്തുള്ളി രക്തം, അല്ല വെറുമൊരു നിശ്വാസം മതിയായിരുന്നു ലോകത്തെ വീണ്ടും രക്ഷിക്കുവാൻ. എന്നാൽ തനിക്കു സ്വന്തമായുള്ളവരെ "അവസാനം വരെ സ്നേഹിച്ച" (യോഹ. 13, 1) യേശു അവിടുത്തേയ്ക്കു നമ്മോടുള്ള ഈ സ്നേഹം എത്രവലുതാണെന്നു വ്യക്തമാക്കിത്തരാനായി തന്റെ ഹൃദയത്തിലെ അവസാനതുള്ളി രക്തം വരെ ചിന്തുകയും, അതിനായി ഹൃദയം പിളർക്കപ്പെടുവാൻ അനുവദിക്കുകയും ചെയ്യുന്നു. "പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തി. ഉടനെ അതിൽ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു" (യോഹ. 19, 24).

യേശുവിന്റെ ഹൃദയത്തിൽ നിന്നും പുറപ്പെട്ട ഈ രക്തത്തിനും വെള്ളത്തിനും സഭാപിതാക്കന്മാർ പല വ്യാഖ്യാനങ്ങളും നല്കുന്നുണ്ട്. രക്തം യേശുവിന്റെ രക്ഷാകരമായ മരണത്തെയും, വെള്ളം അവിടുന്നു നല്കുന്ന ജീവ ജലമായ പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു. കുരിശിൽ കിടന്നുകൊണ്ട് "യേശു തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു" (യോഹ. 19, 30) എന്നാണ് യോഹന്നാൻ തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന് യേശു മരിച്ചുവെന്നും അതേ സമയം തന്നെ പരിശുദ്ധാത്മാവിനെ തന്നിൽ വിശ്വസിച്ചവർക്കെല്ലാം നല്കിയെന്നും അർത്ഥമുണ്ട്. "ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ

ഹൃദയത്തിൽ നിന്നും........ ജീവജലത്തന്റെ അരുവികൾ ഒഴുകും'' (യോഹ. 7, 37-38) എന്ന് യേശു തന്നെ പറഞ്ഞിട്ടുള്ളതാണല്ലോ. ''അവൻ ഇതു പറഞ്ഞത് തന്നിൽ വിശ്വസിക്കാനിരിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്'' (യോഹ. 7, 39). ഇങ്ങനെ പിളർക്കപ്പെട്ട യേശുവിന്റെ ഹൃദയത്തിൽ നിന്നും നിർഗ്ഗളിക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനങ്ങളാകുന്ന ജീവജലത്തിന്റെ അരുവി ഇന്നും വിശ്വാസികളിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

പിളർക്കപ്പെട്ട യേശുവിന്റെ തിരുഹൃദയത്തിൽ നിന്നും പുറപ്പെട്ട രക്തത്തെ സ്നേഹത്താൽ പ്രേരിതനായ യേശു സ്ഥാപിച്ച ദിവ്യകാരുണ്യത്തിന്റെയും വെള്ളത്തെ ജ്ഞാനസ്നാനത്തിന്റെയും അടയാളങ്ങളായി സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. കുന്തത്താൽ പിളർക്കപ്പെട്ട യേശുവിന്റെ ഹൃദയത്തിലൂടെ ജീവന്റെ വാതിൽ നമുക്കു തുറന്നുകിട്ടിയെന്നാണ് വിശുദ്ധ അഗസ്റ്റിൻ പഠിപ്പിക്കുന്നത്. യേശുവിന്റെ ഹൃദയത്തിൽ നിന്നും പുറപ്പെട്ട അവസാന തുള്ളി രക്തവും വെള്ളവും ഒരേസമയം അവിടുത്തെ ഭൗതീക ശരീരത്തിന്റെ മരണത്തെ സ്ഥിരീകരിക്കുകയും അവിടുത്തെ മൗതീക ശരീരമായ സഭയുടെ ജനനത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. ആദത്തിന്റെ പാർശ്വത്തിൽ നിന്ന് ഹവ്വാ രൂപംകൊണ്ടതുപോലെ യേശുവിന്റെ പിളർക്കപ്പെട്ട പാർശ്വത്തിൽ നിന്നാണ് സഭയും ജനിക്കുന്നത്. തന്റെ ഹൃദയത്തിൽ നിന്നൊഴുകുന്ന ഈ ചോരയും നീരും നല്കിയാണ് ഇന്നും യേശു തന്റെ മണവാട്ടിയായ സഭയെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നത്. മധുരമുള്ള യേശുവിന്റെ ഈ ഹൃദയത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് അത്ഭുതത്തിന്റെയും നന്ദിയുടെയും വികാരങ്ങളോടെ ഇപ്രകാരം പാടുവാൻ മാത്രമേ നമുക്കു സാധിക്കുകയുള്ളൂ.

*''ദൈവസ്നേഹം വർണ്ണിക്കുവാൻ വാക്കുകൾ പോരാ*
*നന്ദിചൊല്ലി തീർക്കുവാനീ ജീവിതം പോരാ''*

## II. <u>ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്നിൽ നിന്നും പഠിക്കുവിൻ</u>

യേശുവിന്റെ ഹൃദയത്തിന്റെ മാധുര്യം ശരിക്കും അനുഭവിക്കുന്നവരാണ് നാമെങ്കിൽ നമ്മുടെ ഹൃദയങ്ങളെ അവിടുത്തെ ഹൃദയത്തിന് ഒത്തതാക്കുവാൻ നാം തീവ്രമായി ആഗ്രഹിക്കും. ''ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്'' (മത്താ. 11, 29) എന്ന് യേശു നമ്മെ ഉപദേശിക്കുന്നുണ്ട്. എന്നാൽ നമ്മിൽ ധാരാളം പേർക്ക് യേശുവിന്റെ പക്കൽ വരാൻ ഭയമാണ്. അവിടുത്തെ നുകം, യേശുവിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ, അവിടുത്തെ നിയമം നമുക്കു വലിയ ഭാരമായി അനുഭവപ്പെടുന്നു. ഇതിനു പ്രധാന കാരണം നമ്മുടെ ഹൃദയ കാഠിന്യമാണ്. ദൈവീക നിയമങ്ങളോടും പ്രബോധനങ്ങളോടുമുള്ള നമ്മുടെ മനോഭാവത്തിന് വ്യത്യാസം വരുത്തി നമ്മുടെ ഹൃദയങ്ങളെ മാംസളമാക്കിത്തീർക്കാൻ നമുക്കു കഴിയണം. ദൈവം ആദ്യം തന്റെ നിയമങ്ങൾ നല്കിയത് യഹൂദന്മാർക്കായിരുന്നു. എന്നാൽ ആ നിയമങ്ങൾ എഴുതപ്പെട്ട കല്പലകകളെപ്പോലെ തന്നെ അവർ തങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കുകയാണ് ചെയ്തത്. നിയമമനുസരിച്ച് ദൈവത്തിന്റെ സ്വന്തം ജനതയായിത്തീരുകയും അവിടുത്തെ സ്നേഹമാധുര്യം അനുഭവിച്ചറിയുകയും ചെയ്യുന്നതിന് പകരം നിയമങ്ങൾ ലംഘിച്ചുകൊണ്ട് അവർ ദൈവത്തിൽ നിന്ന് അകന്നു പോവുകയും തങ്ങളുടെ ഹൃദയങ്ങളെ കൂടുതൽ കൂടുതൽ കഠിനമാക്കുകയും ചെയ്തുകൊണ്ടിരുന്നു. പഴയനിയമത്തിലെ ഏശയ്യാ പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് പുതിയ നിയമത്തിലെ അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളും മനുഷ്യരുടെ ഹൃദയ കാഠിന്യത്തെ ഇപ്രകാരം എടുത്തു കാണിക്കുന്നു; ''അവർ കണ്ണുകൊണ്ടു കാണുകയും, കാതുകൊണ്ടു കേൾക്കുകയും, ഹൃദയം കൊണ്ടു മനസ്സിലാക്കുകയും

മാനസാന്തരപ്പെടുകയും ചെയ്യുക അസാദ്ധ്യം.... അത്രയ്ക്ക് ഈ ജനതയുടെ ഹൃദയം കഠിനമായിരിക്കുന്നു''. (അപ്പ. 28, 27, ഏശ. 6, 9-10). പാപകരമായ പ്രവൃത്തികൾ വേണമെന്നില്ല, ആസക്തിയോടുള്ള ഒരു നോട്ടം മതി മനുഷ്യ ഹൃദയത്തെ കഠിനമാക്കുവാനും ദുഷിപ്പിക്കുവാനും (മത്താ. 5, 28). ''ദുഷ്ചിന്തകൾ, കൊലപാതകം, വ്യഭിചാരം, പരസംഗമം, മോഷണം, കള്ളസാക്ഷ്യം, പരദൂഷണം, എന്നിവയെല്ലാം ഹൃദയത്തിൽ നിന്നാണ് പുറപ്പെടുന്നത്'' (മത്താ. 15-19). കല്പലകകളിലെഴുതിയ പഴയനിയമത്തിനു പകരം ഹൃദയത്തിനുള്ളിൽ ലിഖിതമാകേണ്ട ഒരു പുതിയ നിയമത്തിന്റെ ആവശ്യം ജറെമിയായും എടുത്തു പറയുന്നുണ്ട് (ജറെ. 31, 33).

''മനുഷ്യരായ നാമെല്ലാം ബലഹീനരാണ്; പാപം ചെയ്തുകൊണ്ട് ഹൃദയം കഠിനമാക്കാൻ നിമിഷങ്ങൾ മതി. ദൈവത്തിന്റെ ഹൃദയത്തിനിണങ്ങിയ മനുഷ്യൻ'' (അപ്പ. 13, 22) എന്ന് തിരുവചനങ്ങൾ തന്നെ വിശേഷിപ്പിക്കുന്ന ദാവീദു പോലും വീണുപോയി. എന്നാൽ കഠിന ഹൃദയത്തെ എപ്രകാരം മാംസളമാക്കാമെന്ന് ദാവീദിന് അറിയാമായിരുന്നു. 51-ാം സങ്കീർത്തനത്തിൽ ആഴമായ മനസ്താപത്തോടെ തന്റെ പാപങ്ങൾ ഏറ്റു പറഞ്ഞുകൊണ്ട് ദൈവത്തിന്റെ കാരുണ്യത്തിനായി അപേക്ഷിക്കുന്നു. ''ഉരുകിയ മനസ്സാണ് ദൈവത്തിന് സ്വീകാര്യമായ ബലി. ദൈവമേ, നുറുങ്ങിയ ഹൃദയത്തെ അങ്ങ് നിരസിക്കുകയില്ല'' (സങ്കീ. 51, 17). ''നിങ്ങളുടെ വസ്ത്രമല്ല, ഹൃദയമാണ് കീറേണ്ടത്'' (ജോയേ. 2, 13) എന്ന് ജോയേൽ പ്രവാചകനും നമ്മെ പഠിപ്പിക്കുന്നു. യഥാർത്ഥ പരിച്ഛേദനം ബാഹ്യമോ ശാരീരികമോ അല്ല...... ഹൃദയത്തിൽ നടക്കുന്ന പരിച്ഛേദനമാണ് യഥാർത്ഥ പരിച്ഛേദനം എന്നു പറയുമ്പോൾ നമ്മുടെ ഹൃദയത്തെ എല്ലാവിധ അശുദ്ധിയിൽ നിന്ന് വിമുക്തമാക്കി പരിശുദ്ധമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയാണ് പൗലോസ് അപ്പോസ്തലനും എടുത്തു കാട്ടുന്നത്.

ഒരു കാര്യം നമുക്കു വിനയത്തോടെ അംഗീകരിക്കാം യേശുവിന്റെ മധുരമുള്ള തിരുഹൃദയത്തിൽ നിറഞ്ഞുകവിഞ്ഞൊഴുകുന്ന അനന്തമായ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും നാമാരും ഗ്രഹിച്ചിട്ടില്ല. ഈ സ്നേഹാനുഭവത്തിൽ വളരുവാൻ ഒരേയൊരു മാർഗ്ഗമേയുള്ളൂ. നിർമ്മലമായ ഒരു ഹൃദയത്തോടെ നാം യേശുവിനെ സമീപിക്കണം. ''ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും'' (മത്താ. 5, 8). ഇതിനായി എസക്കിയേൽ പ്രവാചകൻ നിർദ്ദേശിക്കുന്ന ഒരു ആത്മീയമായ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നാമേവരും സന്നദ്ധരാകണം: ''ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നല്കും; ഒരു പുതിയ ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും; നിങ്ങളുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തു മാറ്റി മാംസള ഹൃദയം നല്കും. എന്റെ ആത്മാവിനെ നിങ്ങളിൽ നിവേശിപ്പിക്കും'' (എസ. 36, 26-27). സ്നേഹത്തിനായി ദാഹിക്കുന്നവരാണ് നാമോരോരുത്തരും; ആശ്വാസം അന്വേഷിക്കുന്നവരാണ് നാമെല്ലാം. തന്റെ പക്കലേക്കു വരുവാനും പരിശുദ്ധമായ സ്നേഹത്തിന്റെ മാധുര്യം ആവോളമാസ്വദിക്കാനും ഏശയ്യാ പ്രവാചകനിലൂടെ ദൈവം ആഹ്വാനം ചെയ്യുന്നു: ''ദാഹാർത്തരേ, ജലാശയത്തിലേക്കു വരുവിൻ. നിർദ്ധനൻ വന്നു വാങ്ങി ഭക്ഷിക്കട്ടെ! വീഞ്ഞും പാലും സൗജന്യമായി വാങ്ങിക്കൊള്ളുക''(ഏശ 55, 1). യേശുവിന്റെ വാക്കുകളിലും പ്രതിഫലിക്കുന്നത് ഈ ആഹ്വാനം തന്നെയാണ്. ''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ......... ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും'' (മത്താ. 11, 28-29). യേശുവിന്റെ തിരു ഹൃദയത്തിൽ നിറഞ്ഞു കവിയുന്ന സ്നേഹ മാധുര്യം ആസ്വദിക്കുവാനും അങ്ങനെ ആശ്വാസം കണ്ടെത്തുവാനും വേണ്ട അനുഗ്രഹാശിസ്സുകൾ അവിടുന്നു സമൃദ്ധമായി നിങ്ങളേവരുടെയും മേൽ ചൊരിയട്ടെ എന്നു പ്രാർത്ഥിക്കുന്നു.